പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 167

03.10.2011-ൽ
മറുപടിയ്ക്ക്

## പൊതുസ്ഥലത്ത് സംഘടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) സമാധാനപരമായി സംഘടിക്കാനും പ്രതിഷേധം രേഖപ്പെടുത്താനും ജനങ്ങൾക്ക് അവകാശമുള്ളതായി സർക്കാർ കരുതുന്നുണ്ടോ ;<br><br>(ബി) ഇത് പൊതുസ്ഥലത്ത് നടത്തുന്ന തിനോടുള്ള നിലപാട് വ്യക്തമാക്കാമോ ;<br><br>(സി) പാതയോരങ്ങളിൽ താത്കാലി കമായി സമരപ്പന്തൽ കെട്ടുന്ന തിനെതിരായി ഹൈക്കോടതി നിരോധനം ഏർപ്പെടു ത്തിയ കേസിൽ സർക്കാരിന്റെ നിലപാട് എന്തായിരുന്നു ; | (എ, ബി & സി ) ഉണ്ട്. W.P(C).19253/2010 മേലുള്ള 23.6.2010 -ലെ ബഹു. ഹൈക്കോടതി വിധിയിൽ പൊതുറോഡുകളിൽ യോഗം കൂടുന്നതിനു സർക്കാർ ഏജൻസികൾ അനുമതി നൽകുന്നതിൽ നിന്നും വിലക്കിയിരുന്നു. ഹൈക്കോടതിയുടെ പ്രസ്തുത നിരോധന ഉത്തരവ് പൊതുജന പ്രതിഷേധത്തിനു ഇടയാക്കുമെന്നതിനാലും ചില പ്രധാനപ്പെട്ട മതപരമായ ഉത്സവങ്ങളെ ബാധിക്കുമെന്നതിനാലും പൊതുതാല്പര്യാർത്ഥവും സമാധാനപരിപാലനത്തിനുമായി ജനങ്ങൾക്ക് പൊതുപാതകൾ ഉപയോഗിക്കാനുള്ള അവകാശങ്ങളിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും പൊതുപാതകളിലൂടെയുള്ള ജാഥകൾ നിയന്ത്രിക്കുന്നതിനും കഴിയുന്ന വിധത്തിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. |

......2

(ഡി) കോടതിവിധിക്കെതിരെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ട്

(ഇ) സംഘടിക്കലും പ്രതിഷേധം അറിയിക്കലും ഏതെല്ലാം സ്ഥലങ്ങളിൽ നടത്താമെന്നും എതെല്ലാം സ്ഥലങ്ങളിൽ നടത്തിക്കൂട എന്നും സർക്കാർ നിർണ്ണയിച്ചിട്ടുണ്ടോ ?

(ഇ) പൊതുവഴികൾ, ഫുട്പാത്തുകൾ, റോഡുകൾ എന്നിവിടങ്ങളിൽ വാഹനഗതാഗതം തടസ്സപ്പെടുത്തി കൊണ്ടും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ സംഘടിക്കലും പ്രതിഷേധം അറിയിക്കലും നടത്തിക്കൂടായെന്ന് നിയമം മൂലം നിഷ്ക്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.